# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2589 — 14.02.2013 ൽ മറുപടിക്ക്

### കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വിപുലീകരണത്തിനുവേണ്ടി ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കുമോ; | (എ) ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെയും ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെയും നേതൃത്വത്തിൽ നടന്നു വരുന്നു. പഴയ കെട്ടിടം പൊളിച്ചുനീക്കി ആ സ്ഥാനത്ത് എൻ. ആർ.എച്ച്. എം പദ്ധതിയിൽ ഉൾപ്പെടുത്തി 2010 ൽ ഒരു പുതിയ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. ഭാവിയിൽ 4 നില കെട്ടിടമായി ഉയർത്താവുന്ന രീതിയിലാണ് ഇത് പണി കഴിപ്പിച്ചിട്ടുള്ളത്. ഈ കെട്ടിടത്തിൽ വിപുലമായ ഫാർമസി, ഫാർമസിസ്റ്റോർ, പുരുഷൻമാരുടെ വാർഡ്, ഓബ്സർവേഷൻ റൂം, മൈനർ ഓപ്പറേഷൻ തീയേറ്റർ എന്നിവ പ്രവർത്തിക്കുന്നു. എക്സ്റേ യൂണിറ്റിനായി പ്രത്യേക റൂം ഒരുക്കിയിട്ടുണ്ട്. |
| (ബി) ഇവിടെ ഡോക്ടർമാരെ ഷിഫ്റ്റുകളാക്കി മുഴുവൻ സമയം പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) നിലവിൽ 6 സ്ഥിരം ഡോക്ടർമാരാണുള്ളത്. രാവിലെ 9 മണി മുതൽ ഉച്ചക്ക് 2 മണി വരെ തുടർച്ചയായി ഒ.പി.യിൽ രോഗികളെ പരിശോധിക്കുന്നതിനും അടിയന്തിര പ്രസവ കേസുകൾ പരിശോധിക്കുന്നതിനും മറ്റുള്ള കാൾഡ്യൂട്ടികൾ അറ്റന്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡോക്ടർമാരെ മുഴുവൻ സമയം പ്രവർത്തിക്കുന്ന ഷിഫ്റ്റുകളാക്കുന്നതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ല. |
| (സി) ഇവിടെ ഒരു അത്യാഹിത വിഭാഗം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;<br>(ഡി) ഈ സി.എച്ച്.സി.യിൽ ഗൈനക്കോളജിസ്റ്റിനെയും പീഡിയാട്രീഷ്യനെയും നിയമിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ? | (സി) യും (ഡി) യും ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ